"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഗിരിജയ്ക്ക്, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് വീട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1082/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർ ഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ലെ ഖണ്ഡിക 4.20 തീരുമാനം

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ഗിരിജയുടെ ഭർത്താവ് റെയിൽവേയിൽ താഴ്ന്ന ജോലിക്കാരനായിരുന്നുവെങ്കിലും ക്യാൻസർ, തൈറോയ്ഡ് രോഗ ബാധിതനായതിനാൽ, ജോലിയിൽ നിന്നും രാജിവെച്ചു. സ്വന്തമായി 10 സെന്റ് സ്ഥലവും കേന്ദ്ര സർക്കാർ പെൻഷനും ഉള്ളതിനാൽ ലൈഫ് മാനദണ്ഡപ്രകാരം വീട് നൽകാൻ സാധിക്കാത്ത ടിയാന് വീട് ലഭ്യമാക്കുന്നതിന് പ്രത്യേക അനുമതിയ്ക്കായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയോടഭ്യർത്ഥിക്കുന്നതിനു പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോടഭ്യർത്ഥിക്കുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർ ഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഗിരിജയുടെ കുടുംബത്തിന് ലൈഫ് മാനദണ്ഡപ്രകാരം വീട് നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, ടിയാരിക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് വീട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, മഞ്ചേശ്വം ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.

ശ്രീമതി. ഗിരിജ ( മഞ്ചേശ്വം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 20-06-2024 11:16:18

സെക്ഷൻ ഓഫീസർ